പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7533

14.07.2014- ൽ മറുപടിക്ക്

അനധികൃത അനാഥാലയങ്ങൾക്കെതിരെയുള്ള നിയമ വ്യവസ്ഥകൾ

ചോദ്യം

ശ്രീ. എസ്. ശർമ്മ

ഉത്തരം

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | |
|---|---|
| രജിസ്റ്റർ ചെയ്യാതെയും നിയമവിധേയമല്ലാതെയും സംസ്ഥാനത്തു പ്രവർത്തിക്കുന്ന അനാഥാലയങ്ങൾക്കെതിരെ നടപടി എടുക്കുവാൻ എന്തെല്ലാം നിയമവ്യവസ്ഥകളാണ് നിലവിലുള്ളത്? | സംസ്ഥാനത്തെ അനാഥാലയങ്ങൾ പ്രവർത്തിക്കുന്നത് 1960 ലെ The Orphanages and other charitable Homes (supervision and control) Act പ്രകാരമാണ്. പ്രസ്തുത ആക്ടിലെ സെക്ഷൻ 13 പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം കൂടാതെ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുവാൻ അധികാരമില്ല. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് ഓർഫനേജ് കൺട്രോൾ ബോർഡ് ആക്ട് സെക്ഷൻ 24 പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖേന ശേഖരിക്കുകയും ആയത് ബോർഡ് പരിശോധിച്ച് അംഗീകാരം നൽകുവാൻ അർഹതയില്ലാത്തതാണെങ്കിൽ അടച്ചുപൂട്ടുന്നതിന് നിർദ്ദേശം നൽകുകയും ഈ വിവരം ജില്ലാ കളക്ടർക്ക് നൽകുകയും കളക്ടറുടെ നിർദ്ദേശപ്രകാരം അടച്ചുപൂട്ടുകയും ചെയ്തു വരുന്നു. പ്രസ്തുത നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ